# ജീവനോടെ തിരിച്ചുവരും ഗർത്തം..!!


മെൽ'സ്ഹോൾ'

**1997** ഫെബ്രുവരി 21.. അമേരിക്കൻ റേഡിയോ ഷോയായ കോസ്റ്റ് ടു കോസ്റ്റ് എ.എമ്മിലേക്ക് ഒരു കോൾ വന്നു. പേര് മെൽ എന്നാണെന്നും വാഷിംഗ്ടണിലെ എലൻസ്ബർഗിലെ തന്റെ പുരയിടത്തിൽ അറ്റം കാണാനാകാത്ത ഒരു ഗർത്തം ഉണ്ടെന്നും പറഞ്ഞായിരുന്നു കോൾ. അടിത്തട്ടില്ലാത്ത ഈ ഗർത്തത്തിന് അങ്ങനെ പേര്‌വീണു; 'മെൽ'സ്ഹോൾ '. 9 അടി വീതിയുള്ള ഗർത്തത്തിന്80,000 അടിയിലേറെ ആഴമുണ്ടെന്ന് താൻ കണ്ടെത്തിയതായി മെൽ അവതാരകനോട് പറഞ്ഞിരുന്നു.

ചൂണ്ടയിടാനുപയോഗിക്കുന്ന ചരടുകൾ കോർത്ത്, അറ്റത്ത് ഒരു കട്ടിയും കെട്ടി ഗർത്തത്തിലേക്ക് താഴ്ത്തി15മൈൽവരെതാൻഅളന്നെന്നും എന്നാൽ, അടിത്തട്ടിൽ എത്താറായതോടെ ശ്രമം ഉപേക്ഷിച്ചെന്നും മെൽ പറഞ്ഞിരുന്നു. മറ്റൊരു വിചിത്രമായ കാര്യം കൂടി മെൽ അവതാരകനോട് പറഞ്ഞു. ഈ അഗാധ ഗർത്തത്തിന് ചത്ത മൃഗങ്ങളെ ജീവിപ്പിക്കാനുള്ള കഴിവുണ്ടത്രെ. ഒരു ചത്ത നായയെ ഗർത്തത്തിലേക്കെറിഞ്ഞപ്പോൾ നായ ജീവനോടെ തിരിച്ച് മുകളിലേക്കെറിയപ്പെട്ടെന്നും ഗെൽവെളിപ്പെടുത്തി. എന്നാൽ, യു.എസിന്റെ രഹസ്യാന്വേഷണ ഏജൻസികൾ ഗർത്തം ഉൾപ്പെടുന്ന ഭൂമി പിടിച്ചെടുത്തെന്നും തന്നെ ഓസ്ട്രേലിയയിലേക്ക് മാറാൻ പ്രേരിപ്പിച്ചുവെന്നും മെൽ പറഞ്ഞു. ഇതിനിടെ ഗർത്തം കണ്ടതായി അവകാശപ്പെട്ട് ചിലർ രംഗത്ത്‌വന്നു.

ജെറാൾഡ് ഓസ്ബോൺ എന്നയാൾ പറഞ്ഞത് താൻ 1961 മുതൽ ഈ ഗർത്തം സന്ദർശിച്ചിരുന്നുവെന്നും ഈ സ്ഥലത്തെ ചുറ്റിപ്പറ്റി യു.എസ് എന്തോ രഹസ്യം മറയ്ക്കുന്നുണ്ടെന്നും ഓസ്ബോൺ പറയുന്നു. 2002ൽ 30അംഗ സംഘവുമായി താൻ വീണ്ടും അവിടെ പോയെങ്കിലും ഗർത്തം കണ്ടെത്താനായില്ലെന്നും ഓസ്ബോൺ പറഞ്ഞു. മെല്ലിന്റെ വാദങ്ങൾ കേട്ടാൽ ഇത് വെറും തട്ടിപ്പാണെന്ന് മനസിലാക്കാമെന്നാണ് പൊതുവെ പറയപ്പെടുന്നത്. മെല്ലിന്റെ വാദങ്ങളെപ്പറ്റി അന്വേഷണവും നടന്നിരുന്നു. എലൻസ്ബർഗിൽ മെൽ എന്ന പേരിൽ ഒരാളില്ലെന്നും അയാൾ പറഞ്ഞപോലെ ഒരു അഗാധ ഗർത്തത്തിന് തെളിവില്ലെന്നുമാണ് അന്വേഷണോദ്യോഗസ്ഥരുടെ കണ്ടെത്തൽ. മെൽ ആരാണെന്നോ അയാൾ പറഞ്ഞ അവസാനമില്ലാത്ത ആ ഗർത്തം എവിടെയാണെന്നോ ആർക്കുമറിയില്ല. എങ്കിലും ചിലർ ഇപ്പോഴും ശ്രമം തുടരുന്നുണ്ട്.

## NEWS

# ആചാരങ്ങളുടെ അപൂർവതയിൽ നെച്ചിപ്പുഴൂർ ഇള പൊഴുത് കാവ്

▸ സുനിൽ പാലാ

പാലാ: ആചാരാനുഷ്ഠാനങ്ങളുടെ വ്യത്യസ്തത കൊണ്ട് ശ്രദ്ധേയമായ നെച്ചിപ്പുഴൂർ ഇള പൊഴുത് കാവിൽ ഇന്നലെ നടന്ന ഉത്സവത്തിൽ എത്തിച്ചേർന്നത് ജാതി, മത ഭേദമെന്യേ നൂറു കണക്കിന് ഭക്തർ.

നെച്ചിപ്പുഴൂർ ഗ്രാമത്തിന്റെ നടുവിലായി ഒരേക്കറോളം വരുന്ന വനത്തിലാണ് 'പതി' എന്നറിയപ്പെടുന്ന വനദുർഗ്ഗാ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. മാസ പൂജകൾ ബ്രാഹ്മണ വിഭാഗത്തിൽപ്പെട്ടവരും വർഷത്തിലെ ഉത്സവപൂജ ദളിത് വിഭാഗത്തിൽപ്പെട്ടവരുമാണ് ചെയ്യുന്നതെന്ന എന്ന അത്യപൂർവ്വത നെച്ചിപ്പുഴൂർ ഇള പൊഴുത് കാവിന് സ്വന്തം. അവർണ്ണ, സവർണ്ണ വ്യത്യാസമില്ലാതെ നൂറ്റാണ്ടുകളായി തുടരുന്ന പൂജാസാധനയാണിത്.

ഇള പൊഴുതിലമ്മ വലിയൊരു വിഭാഗം വിശ്വാസികൾക്ക് കൺകണ്ട ദൈവമാണ്. പരാധീനതകളും പ്രാരാബ്ധങ്ങളും ഏറ്റുപറഞ്ഞാൽ അച്ചട്ടായ നല്ല അനുഭവങ്ങൾ ഉണ്ടെന്നാണ് ഭക്തരുടെ അനുഭവസാക്ഷ്യം. കാട്ടിനുള്ളിൽ വാഴുന്ന വനദേവത അതീവ ശക്തി സ്വരൂപിണിയാണെന്നാണ് ജ്യോതിഷമതവും.


നെച്ചിപ്പുഴൂർ ഇള പൊഴുത് ദേവീ ക്ഷേത്രത്തിൽ വെളിച്ചപ്പാട്ടുമാർ ഉറഞ്ഞുതുള്ളി പ്രവചനം നടത്തുന്നു

കുംഭമാസത്തിലെ ഉത്സവ നാളിൽ നടത്തുന്ന മുടിവിളക്ക് വഴിപാടിന് ശേഷം, എത്തിച്ചേരുന്ന ഓരോ ഭക്തരുടെയും ഭാവിയെക്കുറിച്ചുള്ള പ്രവചനവും ആറാട്ട്നാളിൽ നാടൊട്ടുക്ക് ഉണ്ടാകുന്ന കാര്യങ്ങളെക്കുറിച്ച് പ്രവചിക്കുന്ന 'ഉച്ചക്കൽപ്പനകളും ' ഇള പൊഴുതിലമ്മയുടെ ഉത്സവത്തിന്റെ പ്രത്യേകതയാണ്.

നാൽക്കാലികളുടെ രക്ഷസ്ഥായുള്ള കാളപ്പതി, ആണ്ടിലൊരിക്കൽ മാത്രം ചന്ദനം അരയ്ക്കുന്ന ചന്ദനക്കല്ല് പൂജ എന്നിവയെല്ലാം ഇള പൊഴുത് ദേവീക്ഷേത്രത്തിലെ അപൂർവ്വതകളിൽ ചിലത് മാത്രം. 'മരുത്വാൻമാർ' എന്നറിയപ്പെടുന്ന വെളിച്ചപ്പാടുകളുടെ നേതൃത്വത്തിലാണ് ഉത്സവച്ചടങ്ങുകൾ നടക്കുന്നത്. വ്രതമെടുത്ത മരുത്വാൻമാർ ആദ്യം ' 'പതിയുണർത്തും'. ഇന്നലെ മുടിവിളക്ക് വഴിപാടിനും, അന്നദാനത്തിനും ശേഷം ആറാട്ട് നടന്നു. ഉച്ചതിരിഞ്ഞ് ആറാട്ടെതിരേൽപ്പ്, കാളപ്പതിയിൽ തേങ്ങ ഉടയ്ക്കൽ, അരിയേറ് വഴിപാട് എന്നിവയോടെയാണ് ഇള പൊഴുതിലമ്മയുടെ ഉത്സവം സമാപിച്ചത്.

# മെഗാ തൊഴിൽമേള 14ന് കൊല്ലത്ത്

പത്തനംതിട്ട : നാഷണൽ എംപ്ലോയ്മെന്റ് സർവീസിന്റെ ആഭിമുഖ്യത്തിൽ പത്തനംതിട്ട, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകൾക്ക് വേണ്ടി 14ന് കൊല്ലം കരിക്കോട് ടി. കെ. എം. ആർട്സ് ആൻഡ് സയൻസ് കോളജിൽ മെഗാ തൊഴിൽമേള നടത്തും. അമ്പതിൽ പരം സ്ഥാപനങ്ങളിലേക്കായി മൂവായിരത്തോളം ഒഴിവുകളിലേക്കാണ് മേള സംഘടിപ്പിക്കുന്നത്.

ബാങ്കിംഗ്, ഫിനാൻസ്, അക്കൗണ്ട്സ്, മാർക്കറ്റിംഗ്, അഡ്മിനിസ്ട്രേഷൻ, എൻജിനീയറിംഗ്, എച്ച്.ആർ, ഐ.ടി, എഡ്യുക്കേഷൻ, ഹോസ്പിറ്റാലിറ്റി, ടെലികമ്യൂണിക്കേഷൻ, ഫാർമസ്യൂട്ടിക്കൽസ്, ഓട്ടോമൊബൈൽസ് എന്നീ വിഭാഗങ്ങളിലുള്ള തൊഴിൽദാതാക്കൾ മേളയിൽ പങ്കെടുക്കും. പ്രാഥമിക വിദ്യാഭ്യാസം മാത്രമുള്ളതും ഇല്ലാത്തതുമായ ഉദ്യോഗാർത്ഥികൾക്കുകൂടി അവരുടെ യോഗ്യത അനുസരിച്ച് തൊഴിൽ ലഭിക്കുന്നതിന് മേളയിൽ അവസരമുണ്ട്.

ഒഡെപെക്കിന്റെ ആഭിമുഖ്യത്തിൽ വിദേശരാജ്യങ്ങളിൽ നഴ്സിംഗ് തുടങ്ങിയ പാരാമെഡിക്കൽ ജോലി ലഭിക്കുന്നതിനുള്ള രജിസ്ട്രേഷൻ ക്യാമ്പും മേളയിൽ ക്രമീകരിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി അടിസ്ഥാന യോഗ്യതയുള്ള, 35 വയസ് കവിയാത്ത ഉദ്യോഗാർത്ഥികൾക്കും അവസാന വർഷ വിദ്യാർത്ഥികൾക്കും പരീക്ഷാഫലം കാത്തിരിക്കുന്നവർക്കും മേളയിൽ പങ്കെടുക്കാം. ഈ മാസം 10നകം www.jobfest.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനിൽ രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9995794641, 8089419930.

# ഡി.എം.കെ ജനറൽ സെക്രട്ടറി അൻപഴകൻ അന്തരിച്ചു

ചെന്നൈ: ഡി.എം.കെ ജനറൽ സെക്രട്ടറി അൻപഴകൻ (97 ) അന്തരിച്ചു. ഇന്ന് പുലർച്ചെ ഒരു മണിയോടെ ചെന്നൈയിലെ അപ്പോള ആശുപത്രിയിലായിരുന്നു അന്ത്യം. കഴിഞ്ഞമാസമാണ് ശ്വാസതടസത്തെത്തുടർന്ന് അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ആരോഗ്യപ്രശ്നങ്ങളെത്തുടർന്ന് ഒരു വർഷത്തോളം അൻപഴകൻ പാർട്ടി പ്രവർത്തനങ്ങളിൽ സജീവമായിരുന്നില്ല.

ഡി.എം.കെ.യുടെ സ്ഥാപക നേതാക്കളിലൊരാളായ അൻപഴകൻ തമിഴ്നാട് ധനമന്ത്രി, സാമൂഹിക സുരക്ഷാ മന്ത്രി, പ്രതിപക്ഷ നേതാവ് എന്നീ നിലകളിൽ പ്രവർത്തിച്ചു. ചെന്നൈ പച്ചയപ്പാസ് കോളജിലെ അദ്ധ്യാപകനായിരുന്ന അദ്ദേഹം പേരാസിരിയർ (പ്രൊഫസർ) എന്നാണ് അറിയപ്പെട്ടിരുന്നത്. മുൻ മുഖ്യമന്ത്രി എം. കരുണാനിധിയുടെ അടുത്ത സുഹൃത്തായിരുന്നു. പാർട്ടിയുടെ ജനറൽ സെക്രട്ടറി സ്ഥാനം 43 വർഷമാണ് വഹിച്ചത്. 1977 മുതൽ ഒമ്പത് തവണ ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. ഒരു തവണ പാർലമെന്റിലേക്ക് മത്സരിച്ച് ജയിച്ചു.

അൻപഴകന്റെ വിയോഗത്തെത്തുടർന്ന് ഡി.എം.കെ ഓഫീസുകളിൽ ഏഴ് ദിവസത്തെ ഔദ്യോഗിക ദു:ഖാചരണം പ്രഖ്യാപിച്ചു.

# ലണ്ടൻ മലയാള സാഹിത്യവേദി പുരസ്കാര സന്ധ്യയിൽ പ്രതിഭകളെ ആദരിച്ചു




ലണ്ടൻ മലയാള സാഹിത്യവേദിയുടെ പത്താം വാർഷികാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച 'പുരസ്കാരസന്ധ്യയിൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം. എൽഎ പ്രതിഭകളെ ആദരിക്കുന്നു

കോട്ടയം: ലണ്ടൻ മലയാള സാഹിത്യവേദിയുടെ പത്താം വാർഷികാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച 'പുരസ്കാര സന്ധ്യ 2020' കോട്ടയം ഹോട്ടൽ അർക്കാഡിയയിൽ നടന്നു. വിവിധ മേഖലകളിൽ തിളക്കമാർന്ന സംഭാവനകൾ നൽകിയ പ്രമുഖ വ്യക്തിത്വങ്ങളെ പുരസ്കാരം നൽകി ആദരിച്ചു.

ലണ്ടൻ മലയാള സാഹിത്യവേദിയുടെ ജനറൽ കോർഡിനേറ്റർ റജി നന്തികാട്ട് അധ്യക്ഷത വഹിച്ച ചടങ്ങിൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം. എൽ എ ഉദ്ഘാടനവും പുരസ്കാര സമർപ്പണവും നടത്തി. ഡോ. പോൾ മണലിൽ മുഖ്യപ്രഭാഷണം നടത്തി. ഡോ. ശ്രീവിദ്യ രാജീവും ജഗദീഷ് കരിമുളക്കലും കവിതകൾ ചൊല്ലി. ലണ്ടൻ മലയാള സാഹിത്യവേദി കോ- ഓർഡിനേറ്റർ സി. എ. ജോസഫ് സ്വാഗതവും പുരസ്കാര സന്ധ്യയുടെ കോ- ഓർഡിനേറ്റർ സന്തോഷ് നന്തികാട്ട് നന്ദിയും പറഞ്ഞു. തോമസ് ചാഴികാടൻ എം.പി പത്തിന പരിപാടി ഉദ്ഘാടനം ചെയ്തു.

കിളിരൂർ രാധാകൃഷ്ണൻ, കെ.എ. ഫ്രാൻസിസ്, കാരൂർ സോമൻ, മാത്യു നെല്ലിക്കുന്ന്, ജോസ് പുതുശേരി എന്നിവരെ പുരസ്കാരങ്ങൾ നൽകി ആദരിച്ചു.




# കാലം മായ്ക്കാത്ത പൈതൃക കാഴ്ചകൾ

ലണ്ടൻ – ഇംഗ്ലണ്ട് യാത്രാവിവരണം

## കാരൂർ സോമൻ

ലണ്ടൻ നഗരത്തെയും ഓക്സ്ഫോഡിനേയും തഴുകിയെത്തുന്ന വിശ്വമോഹിനിയായ തെംസ് നദിയെ മുൻനിർത്തിയാണ് ഈ ഹൃദ്യമായ സഞ്ചാര സാഹിത്യ കൃതി രചിച്ചിട്ടുള്ളത്.

ലോകത്തെ വിസ്മയിപ്പിച്ച 'ബിഗ് ബെൻ' എന്ന ക്ലോക്ക് ടവറിനെക്കുറിച്ചെല്ലാം ഈ കൃതിയിൽ സമഗ്രമായി പ്രതിപാദിച്ചിട്ടുണ്ട്. 29 ദശലക്ഷം പവൻ ചിലവിട്ട വിക്ടോറിയ മഹാറാണിയെന്ന ബ്രിട്ടീഷ് ഭരണസാരഥിയാണ് ഈ ക്ലോക്ക് ടവർ പണി കഴിപ്പിച്ചത്. വിക്ടോറിയ മഹാറാണിയുടെ സുവർണ്ണ കാലഘട്ടത്തെക്കുറിച്ചും ഇംഗ്ലണ്ടിന്റെ സാംസ്കാരിക മുന്നേറ്റങ്ങളെക്കുറിച്ചും മൊത്തത്തിൽ ഇംഗ്ലണ്ടിന്റെ പ്രകൃതിസൗന്ദര്യത്തെക്കുറിച്ചുമെല്ലാം ഈ കൃതിയിൽ കാവ്യസുരഭിലമായി പ്രതിപാദിച്ചിരിക്കുന്നു.

പഠിക്കുന്ന കുട്ടികളടക്കം ഏതൊരു മലയാളിക്കും സ്വന്തം ഗൃഹത്തിലിരുന്ന് ഒരു ലണ്ടൻ യാത്രയുടെ അനുഭവം, അറിവ് ആസ്വദിക്കാൻ കഴിയുന്ന നല്ലൊരു കൃതിയാണിത്. ലളിത സുന്ദരമായ ആഖ്യാനരീതികൊണ്ടും മധുരകോമള പദാവലികൾകൊണ്ടും ഈ കൃതി അത്യന്തം നമ്മെ പിടിച്ചിരുത്തുന്നു.

**സിപ്പി പള്ളിപ്പുറം** (അവതാരികയിൽ)

ISBN 93-89903-06-5
9789389903065

SINCE 1952
പ്രഭാത് ബുക്ക് ഹൗസ്

വില: ₹ 140/- | യാത്രാവിവരണം

കാലം മായ്ക്കാത്ത പൈതൃക കാഴ്ചകൾ

കാരൂർ സോമൻ

SINCE 1952

# കാലം മായ്ക്കാത്ത പൈതൃക കാഴ്ചകൾ

ലണ്ടൻ – ഇംഗ്ലണ്ട് യാത്രാവിവരണം



## കാരൂർ സോമൻ



കവിത

# ഒരുപെണ്ണ് പറഞ്ഞ കഥ




കാരൂർ സോമൻ

ഒരിക്കൽ ഞാൻ കണ്ട കഥയിൽ
ഒരുപാവംപെണ്ണിൻചേലയുണ്ടായിരുന്നു
പിന്നൊരിക്കൽ കേട്ട കഥയിൽ
അവൾക്ക്മാനമുണ്ടായിരുന്നു
പിന്നെ പാണനാർ പാടിയ കവിതയിൽ
അവളുടെ ജീവനുണ്ടായിരുന്നു
പിന്നെ ഞാനറിഞ്ഞത്
അവളുടെ കഥ ഇതുവരെയെന്നായിരുന്നു.

ഇതൊരു അഹല്യയുടെ
പേറ്റുനോവിൻ ആലിലച്ചില്ലകൾ
അവളുടെആയിരം കനവുകൾ
അവളുടെ മോഹലാവണ്യങ്ങൾ


ആരോരുമറിയാത്ത ഉള്ളിന്റെയുള്ളിൽ
പുത്തിലഞ്ഞിപോൽ
തുള്ളിത്തുളുമ്പിയ പോരാട്ടവീര്യത്തിൻ
പോർരഹസ്യങ്ങൾ
അവളുടെ ആത്മരോദനത്തിൻ
നീർപ്പിണക്കങ്ങൾ
കേട്ടതായി നടിക്കാത്ത
നിയമദല്ലാളിന്റെ നാവിൽക്കുതിർത്ത
നാല്പ ശാപത്തിന്റെ പേരറിയാ കഥകൾ
ഇതാണ് ഞാൻ തെരുവിലറിഞ്ഞ
ഒറ്റക്കാലൊടിഞ്ഞൊരു ഭ്രമി ഭേദിച്ച
നിങ്ങൾ കണിക്കൊന്നയായി പൂവിട്ടൊരു
ക്കിയ
വാസവദത്തയുടെ ചാരിത്രപ്രസംഗം!



കവിത

കാരൂർ സോമൻ

# കവിതയൊരുക്കം



പറഞ്ഞുവരുമ്പോൾ ഏത് പാണനാർക്കും ചൊരുക്കും,
കാരണം കവിത കാവ്യമണം പുരണ്ട വസ്ത്രമാണ്
അതിൽ ജീവിതം തളിർക്കുമ്പോഴും പൂവിടുമ്പോഴും
ദൈവപുഞ്ചിരിയുടെ ഒരു ഇതളനക്കം കാണാം.
ഞാൻ ചോദിക്കട്ടെ, ലണ്ടൻ തണുപ്പിൽ
ഒരു വരി റൊട്ടി കട്ടെടുത്തതിന് നാടുകടത്തപ്പെട്ട
അതേ വിപ്ലവം പിന്നീട് മൊഴിമാറ്റം നടത്തി
നീലഗിരിക്കുന്നുകൾക്ക് താഴെ ചാവേറു നടത്തിയപ്പോൾ
എവിടെപ്പോയ് നിന്റെ കവിത
എവിടെപ്പോയ് രക്തമണം പുരണ്ട നിന്റെ പേന
അതേ ആവേശം അതേ വൈകാരികത
കവിതയ്ക്ക് ചേർത്തു വയ്ക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ
എന്റെ പ്രിയ സുഹൃത്തേ, എന്നേ ഭൂമിയില്ലാതായ
കുഞ്ഞിന്റെ കളിമുറ്റത്ത് ഒരു കളിവഞ്ചി പിച്ചവച്ചേനെ..
ഇനിയും ഞാൻ ചോദിക്കട്ടെ, ഒരു തുണ്ടു ഭൂമിക്കായി
ഒരു തുണ്ടു വയറിലെ കാളലിൽ വെള്ളം വീഴ്ത്താൻ
ഒരു പതിനാറിൽ ഛേദം ചെയ്യപ്പെട്ട കാവ്യാക്ഷരങ്ങളെ
കൂട്ടുകൊടുക്കാൻ ഇനി നിന്റെ പെരുവിരൽ ദാനം ചെയ്യുമോ...
പാണനാര് പെയ്ക്കഴിഞ്ഞതോടെ കവിതയേക്കാൾ ഭദ്രം
കഥയെന്നു നിനയ്ക്കവേ, പേനയുടെ ഇടനെഞ്ച് പൊട്ടി.

തസ്കരനായതെന്ന് ന്യായീകരിക്കുന്നുവെങ്കിലും കഥാനായകൻ താൻ തെറ്റായ വഴിയിലാണ് സഞ്ചരിക്കുന്നതെന്ന കുറ്റബോധം ഇല്ലാത്തയാളാണ്. മോഷണത്തിനായി തന്റെ സഹായി കറുപ്പിന്റെ ഡോസ് കൂടുതൽ നൽകി ഗൃഹനായകനെ മയക്കുന്നതിനുപകരം കൊലചെയ്തിട്ടും അയാൾക്ക് കുറ്റബോധം തോന്നുന്നില്ല. പക്ഷെ തന്നെ പോലീസ് സംശയിക്കുന്നുവെന്ന് കരുതി അയാൾ നാടുവിടുന്നുണ്ട്.

അന്യനാട്ടിലും അയാൾ തന്റെ സ്വഭാവം കൈവിടുന്നില്ല. സുന്ദരിയായ വേശ്യയുടെ സൗന്ദര്യത്തിൽ മതിമറന്ന് നിൽക്കുന്നയാളിന്റെ പോക്കറ്റടിക്കുന്നു അയാൾ. പക്ഷെ ഇവിടെ അയാൾ പെട്ടുപോവുകയാണ്. കൈവിരലിൽ അണിഞ്ഞിരുന്ന മോഷണമുതലായ മോതിരം പോക്കറ്റടിക്കപ്പെട്ടയാളിന്റെ പോക്കറ്റിലായ വിവരം അയാളറിയുന്നില്ല. ആ വിലയേറിയ മോതിരം എവിടെയോ കളഞ്ഞുപോയത് തിരിച്ചുകിട്ടാനായി പോലീസിന്റെ സഹായം തേടുന്ന അയാളെ പോക്കറ്റടിക്കുറ്റത്തിന് പോലീസ് കസ്റ്റഡിയിലെടുക്കുകയാണ്.

കാടരികായുള്ള, തെളിനായാട്ടും തെണ്ടിനായാട്ടും, കയ്പ്പീത്ത് കൊടുക്കുക, ഊരാഞ്ചാടി, വേണ്ടാസനം എന്നിങ്ങനെ കൗതുകകരമായ പഴയകാല പരാമർശങ്ങൾ ധാരാളമായി ഇക്കഥയിൽ കാണാം. ഒരു നൂറ്റാണ്ടിനുമുമ്പ് രചിക്കപ്പെട്ട ഈ കഥയിൽ ഇപ്പോഴും ആനുകാലിക പ്രാധാന്യം നഷ്ടപ്പെടാത്ത എന്തോ ചിലതൊക്കെയുണ്ടെന്ന് വായനയിൽ നമുക്ക് ബോദ്ധ്യമാകും. അതാണ് ഈ കഥയുടെ പ്രത്യേകതയും.

കേസരി എന്ന തൂലികാനാമത്തിലാണ് നായനാർ പിന്നീട് അറിയപ്പെട്ടതെങ്കിലും നിരവധി തൂലികാനാമങ്ങളിൽ അദ്ദേഹം എഴുതിയിട്ടുണ്ട്. വജ്രസൂചി, വജ്രബാഹു, ദേശാഭിമാനി, സ്വദേശമിത്രൻ, വിദൂഷകൻ, വി.കെ ഒരു നായനാർ, ഒരു നായർ നായനാർ, ചാപ്പൻ നായർ എന്നിങ്ങനെ നീളുന്നു ആ പട്ടിക.

അറത്തിൽ കണ്ടോത്ത് കല്യാണിയമ്മ ആയിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. നാല് ആൺമക്കളും നാല് പെൺമക്കളും അവർക്ക് ജനിച്ചു. ഗോവയെ മോചിപ്പിച്ച ജനറൽ കണ്ടോത്ത് നായനാരുടെ മൂത്തമകൻ പ്രൊഫ. എം.എ. കണ്ടോത്തിന്റെ പുത്രനാണ്. നായനാരുടെ രചനകൾ മിക്കതും നഷ്ടപ്പെട്ടുപോയി എന്നാണറിയുന്നത്. അദ്ദേഹത്തിന്റെ 25 ലേഖനങ്ങളുടെ സമാഹാരം 'കേസരി' എന്ന പേരിൽ സി.ഡി. ഡേവിഡ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1914 നവംബർ 14ന് മദിരാശി നിയമസഭയിൽ പ്രസംഗിച്ചുകൊണ്ടിരിക്കെ ഹൃദയസ്തംഭനത്താൽ അദ്ദേഹം കുഴഞ്ഞുവീഴുകയും തൽക്ഷണം മരിക്കുകയുമായിരുന്നു. 9446707853

## അന്നും ഇന്നും




# അയ്യപ്പന്റെ സ്വന്തം അയ്യപ്പൻകുട്ടി

പത്തനംതിട്ടയിലെ അയിരൂർ, ചെറുകോൽപ്പുഴയിൽ വനംവകുപ്പിൽ ജീവനക്കാരനായിരുന്ന കൃഷ്ണപിള്ളയുടെയും ഭാര്യ ഭാരതിയമ്മയുടെയും ആദ്യത്തെ മൂന്നു മക്കൾ ഒരാഴ്ചയിൽ കൂടുതൽ ഭൂമിയിൽ ജീവിച്ചില്ല. അയ്യപ്പഭക്തനായ കൃഷ്ണപിള്ള ഭാര്യയെയും കൂട്ടി ശബരിമല അയ്യപ്പസന്നിധിയിൽ എത്തി മനസ്സുരുകി പ്രാർഥിച്ചു. (പണ്ടുപണ്ടു സ്ത്രീകൾക്കും ശബരിമലയിൽ ദർശനം അനുവദിച്ചിരുന്നു. പതിനെട്ടാംപടി ചവിട്ടാതെ മാളികപ്പുറം വഴി കയറിയാണു സ്ത്രീകൾ അയ്യപ്പനെ വണങ്ങിയിരുന്നത്.)

അയ്യപ്പനിൽ മാത്രം രക്ഷകണ്ട കൃഷ്ണപിള്ളയോട് അയ്യപ്പന്റെ വളർത്തച്ഛനായ പന്തളം തമ്പുരാനെ കാണാൻ സുഹൃത്തുക്കൾ നിർദേശിച്ചു. പന്തളം തമ്പുരാന്റെ അനുഗ്രഹത്തോടെ അവർക്കു ലഭിച്ച പുത്രനാണ് അയ്യപ്പൻകുട്ടി. പിൽക്കാലത്ത് ഇന്ത്യയിലെ ഏറ്റവും ശ്രദ്ധേയനായ ഐഎഎസ് ഉദ്യോഗസ്ഥനും ഭരണകർത്താവുമായി മാറിയ ടി.കെ.എ. നായരായിരുന്നു ആ അയ്യപ്പൻ കുട്ടി.



ഹിസ്റ്ററി ഓണേഴ്സിനു തിരുവനന്തപുരത്തു യൂണിവേഴ്സിറ്റി കോളജിൽ ചേർന്ന അയ്യപ്പൻകുട്ടി സ്റ്റുഡന്റ്സ് ഫെഡറേഷന്റെ കോളജ് യൂണിറ്റ് പ്രസിഡന്റായിരുന്നു. തിരഞ്ഞെടുക്കപ്പെട്ട സർക്കാരിനെ മറിച്ചിടാൻ തുടങ്ങിയ വിമോചനസമരത്തിനെതിരെ അയ്യപ്പൻകുട്ടിയും ഇറങ്ങി.

1959ൽ നടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ തിരുവനന്തപുരത്ത് അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടി സ്ഥാനാർഥി അനിരുദ്ധനായിരുന്നു. എതിരാളി സാക്ഷാൽ പട്ടം താണുപിള്ള. അനിരുദ്ധൻെറ ഇലക്ഷൻ പ്രചാരണത്തിനു ബംഗാളിൽ മന്ത്രിയായിരുന്ന മുതിർന്ന കമ്യൂണിസ്റ്റ് നേതാവ് ഹരേകൃഷ്ണ കോനാർ വെഞ്ഞാറമൂട്ടിൽ പ്രസംഗിച്ചപ്പോൾ അതു മലയാളത്തിൽ വിവർത്തനം ചെയ്തത് അയ്യപ്പൻകുട്ടിയാണ്. 1960ൽ ഹിസ്റ്ററി ഓണേഴ്സ് കേരള സർവകലാശാലയിൽനിന്ന് ഒന്നാം റാങ്കോടെയാണ് അയ്യപ്പൻകുട്ടി പാസായത്. റിസൽട്ട് വരുന്നതിനു മുൻപുതന്നെ പത്തനംതിട്ട സെന്റ് തോമസ് കോളജിൽ എ.ജെ. ചെറിയാൻ, അയ്യപ്പൻകുട്ടിക്കു ലക്ചറർ ജോലി നൽകി. പിന്നീടു പബ്ലിക് സർവീസ് കമ്മിഷൻ വഴി ലക്ചറർ ഉദ്യോഗം ലഭിച്ച് തലശേരി ബ്രണ്ണൻ കോളജിലും കാസർകോട്ട് സർക്കാർ കോളജിലും അധ്യാപക ജോലി ചെയ്തു. കാസർകോട്ടു പഠിപ്പിക്കുന്ന അവസരത്തിലാണു തലശേരി കോളജിൽ അധ്യാപകനായിരുന്ന കൃഷ്ണൻ നായരോടൊപ്പം (പിന്നീടു ഡിജിപി ആയി) സിവിൽ സർവീസ് പരീക്ഷ ഒപ്പം ഇരുന്നു പഠിച്ച് എഴുതിയത്.

കൂടെ എഴുതിയ പലർക്കും സിവിൽ സർവീസ് ട്രെയ്നിങ്ങിനു മസൂറിയിലേക്കു പോകാൻ കത്തു കിട്ടി. വൈകി കിട്ടിയ രണ്ടുപേർ അയ്യപ്പൻകുട്ടിയും മണിശങ്കർ അയ്യരും ആയിരുന്നു. കമ്യൂണിസ്റ്റ് ബന്ധമുണ്ടെന്ന പരാതി കിട്ടിയതാണ് അറിയിപ്പു വൈകാൻ കാരണമായത്. തോട്ടുവേലിൽ കൃഷ്ണപിള്ള അയ്യപ്പൻകുട്ടി എന്ന നീണ്ട പേരു ചുരുക്കി ടി.കെ.എ. നായർ എന്നാക്കിയത് അയ്യപ്പൻകുട്ടി തന്നെയാണ്. പഞ്ചാബ് കേഡർ ഐഎഎസ് ഉദ്യോഗസ്ഥനായ ടി.കെ.എ. നായരെ പഞ്ചാബിലുള്ളവർ 'കുട്ടി' എന്നാണു വിളിച്ചിരുന്നത്. അന്നു തുടങ്ങിയ, ഡോക്ടർ മൻമോഹൻ സിങ്ങുമായുള്ള സൗഹൃദമാണു മൻമോഹൻ സിങ് പ്രധാനമന്ത്രിയായപ്പോൾ കുട്ടിയെ പ്രിൻസിപ്പൽ സെക്രട്ടറിയാക്കിയത്. ഡൽഹിയിൽ ഉദ്യോഗസ്ഥതലത്തിൽ മിസ്റ്റർ നായരായി മാറിയെങ്കിലും പൊതുജനങ്ങൾക്കു മുന്നിൽ, വിശേഷിച്ചു മലയാളികൾക്കിടയിൽ ഇന്നും ടി.കെ.എ. നായർ എന്ന പേരിൽ അദ്ദേഹം അറിയപ്പെടുന്നു. ഭാര്യ ചന്ദ്രലേഖയോടൊപ്പം തിരുവനന്തപുരത്തു താമസം. മനു നായരും മിനി നായരും മക്കൾ.

**സുധീർനാഥ്**

---

## കവിത



# പുതുനിലങ്ങൾ

**കാരൂർ സോമൻ**

കോർത്തിട്ട മുത്തുമാലയിൽ
പിറന്നൊരു ലോക്കറ്റ്.
അതിനുള്ളിലെ ഗർഭപാത്രത്തിൽ,
വിപ്ലവത്തിന്റെ ബീജാവാപം പോലെ,
നിന്റെ ഹൃദയം

മഴ തോർന്ന വെയിൽ,
വെടിയേറ്റു തുളവീണ മാറിൽ,
ഞാൻ കാണുന്നു-
വീരഹൃദയത്തിന്റെ മനസ്സ്.

പുതുനിലത്ത്, വരണ്ടുകീറിയ
നെഞ്ചിന്റെ ഇടതുമൂലയിലേക്ക്
വരണ്ടും വിധം ഞാൻ-
നിന്നെ ഹാർദവമായി കടിച്ചു.

പുതുനിലങ്ങളിൽ ചോരയുടെ
പുത്തൻമഴ പെയ്തു.

---

കഫേ വാ–യിൽ ഓടിക്കയറി, മുന്നിലെ ഡസ്കിൽ കൈമുട്ടുകൾ ഊന്നി ഞാൻ നിന്നു. ഒന്നും മിണ്ടാൻ പറ്റുന്നില്ല. വായിൽ നിന്ന് മഞ്ഞുതുണ്ടുകൾ പൊഴിയുകയാണ്.

"എം.", ഞാൻ കിതച്ചു. "മിസ്റ്റർ എം. എന്ന പേരിൽ സീറ്റ് ബുക്ക് ചെയ്തതു ഞാനാണ്."

അപ്പോഴേക്കും ഞാൻ കുനിഞ്ഞു നിന്നു ചുമയ്ക്കാൻ തുടങ്ങി. ഓരോ തവണ ശരീരം കുലുങ്ങുമ്പോഴും മഞ്ഞു ചിതറി.

സമയം – 12.01.

"ആ പാട്ടുകാരി അവിടെത്തന്നെ ഉണ്ടല്ലോ, അല്ലേ? റേ... " ഞാൻ ചോദിച്ചു. കിതപ്പ് അടക്കാൻ പറ്റുന്നില്ല.

"ങേ? ഉവ്വുവ്വ്... അകത്തു കടക്കാൻ എട്ടു ഡോളറാ. മിനിമം രണ്ടു ഡ്രിങ്കും വാങ്ങണം. വേണമെന്നുറപ്പാണോ." ഇരുപതു ഡോളറിന്റെ ഒരു നോട്ട് മേശപ്പുറത്തുവച്ച് ഞാൻ അകത്തേക്കു കയറി. നേരെ ബാറിന്റെ ഭാഗത്തേക്കാണു ചെന്നത്.

"സർ, രണ്ടു ഡ്രിങ്ക് ഏതാണു വേണ്ടത്?" ഒരു പരിചാരിക ചോദിച്ചു.

"രണ്ടു ഡ്രിങ്ക് വെള്ളം." അവൾ രണ്ടു കുപ്പിവെള്ളം മുന്നിൽ കൊണ്ടുവന്നുവച്ചു. ഞാൻ പെട്ടെന്ന് അതെടുത്തു കുടിച്ചു.

"എവിടെയാണ് പരിപാടി?"

"നേരെ ഇടതുഭാഗ ത്തേക്കു ചെന്നോ ളൂ."

കാലുകൾ കുഴഞ്ഞുപോയിരുന്നു. ബാറിലെ സ്റ്റൂളുകളിലും കസേരകളിലും പിടിച്ച്, ഒരു വിധത്തിൽ വീഴാതെ ഞൻ മുടന്തി നീങ്ങി.

അരണ്ടവെളിച്ചം മാത്രമുള്ള ഒരു ഹാൾ. തിങ്ങിനിൽക്കുന്ന ആൾക്കൂട്ടം. സ്റ്റേജ് കാണാൻ വയ്യ. ഞാൻ തിക്കിത്തിരക്കി മുന്നോട്ടു നീങ്ങിച്ചെന്നു.

അതാ, ഒരു പെൺശബ്ദം: "യൂ ആർ ബ്യൂട്ടിഫുൾ, യൂ ആർ ബ്യൂട്ടിഫുൾ, യൂ ആർ ബ്യൂട്ടിഫുൾ, ഇറ്റിസ് ട്രൂ..."

സ്റ്റേജ് സ്പോട്ട്ലൈറ്റിന്റെ വെളിച്ചത്തിൽ കുളിച്ചു നിൽക്കുകയാണ്. പാട്ടുകാരി കണ്ണിൽ പെടാൻ ഏതാനും സെക്കൻഡുകളെടുത്തു.

ഈശ്വരാ! അത് അവൾതന്നെ... എന്റെ റിയ. വാട്ടർബോട്ടിൽ കൈയിൽ നിന്നു വഴുതിവീണു. അവൾ പാട്ടിന്റെ വരികളിൽ മുഴുകി കണ്ണടച്ചുനിന്നു പാടുകയാണ്.

കറുപ്പിൽ ലോഹപാളികൾ മിന്നുന്ന നീളൻ ഗൗണിൽ റിയ... യെസ്, റിയ സൊമാനി. നിന്നെ ഞാൻ കണ്ടെത്തിയിരിക്കുന്നു.

അവളുടെ കൈയിൽ ഒരു ഗിറ്റാർ ഉണ്ട്. ഒരു അമേരിക്കൻ പിയാനിസ്റ്റ് അകമ്പടിയായി സ്റ്റേജിലുണ്ട്. റിയ പാട്ടു തുടർന്നു:

"ഐ സോ യുവർ ഫേസ് ഇൻ എ ക്രൗഡഡ് പ്ലേസ്, ആൻഡ് ഐ ഡോണ്ട് നോ വാട്ട് ടു ഡു, ബിക്കോസ് ഐ വിൽ നെവർ ബി വിത് യൂ."

എന്റെ ക്ഷീണമെല്ലാം ആവിയായിപ്പോയി. വേദനകൾ ഇല്ലാതായി. ദേഹമെങ്ങും ചുടുരക്തം കുതിച്ചോടി. ഒരു നിമിഷം മുമ്പുണ്ടായിരുന്ന മരവിപ്പു മാറി മുഖത്ത് ചൂട് ഇരച്ചു കയറിയതുപോലെ. ഹൃദയത്തിൽ നിന്നാണു പാട്ടു വരുന്നത്. അവളിൽ മതിമയങ്ങിയ ജനം ആർത്തുവി ളിക്കുന്നു. ഞാൻ ജാക്കറ്റ് ഊരി ഒരു മേശപ്പുറ ത്തു വച്ചു. എന്നിട്ട് സ്റ്റേജിനു നേരെ നടന്ന് അവൾക്കു മുന്നിലായി നിന്നു.

"യു ആർ ബ്യൂട്ടിഫൂൾ. യൂ ആർ ബ്യൂട്ടിഫൂൾ. യൂ ആർ ബ്യൂട്ടിഫുൾ. ഇറ്റ് ഇസ്...."

പെട്ടെന്ന് അവളുടെ ശബ്ദം ഇല്ലാതായി. ആ കണ്ണുകൾ എന്റെ കണ്ണുകളുമായി ഇടഞ്ഞു. പി യാനിസ്റ്റ് അദ്ഭുതത്തോടെ അവളെ

# മാതൃഭൂമി

QP

2017 മാർച്ച് 29 ബുധനാഴ്ച | www.mathrubhumi.com | Mathrubhumi, The National Daily in Malayalam | വില ₹6.50

1192 മീനം 15 | Kozhikode • Kochi • Thiruvananthapuram • Thrissur • Kannur • Kottayam • Malappuram • Kollam • Palakkad • Alappuzha • Mumbai • Chennai • Bangalore • Delhi • Dubai • Qatar | കൊല്ലം • പേജ് 16









# വൃദ്ധരെയും അനാഥരെയും സംരക്ഷിക്കേണ്ട ചുമതല ഭരണകൂടത്തിന്-കാരൂർ സോമൻ

**പത്തനാപുരം:** വൃദ്ധരെയും അനാഥരെയും സംരക്ഷിക്കേണ്ട ചുമതല ഭരണകൂടത്തിനാണെന്ന് ലോക മലയാളി കൗൺസിൽ ചെയർമാനും എഴുത്തുകാരനുമായ കാരൂർ സോമൻ. ഗാന്ധിഭവനിൽ 818-ാം ഗുരുവന്ദനസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വിദേശരാജ്യങ്ങൾ വയോജനങ്ങൾക്കായി നടത്തുന്ന സേവനപ്രവർത്തനങ്ങൾ ഇന്ത്യ മാതൃകയാക്കണം. സ്വാതന്ത്ര്യമെന്നാൽ ആ രാജ്യത്തെ പൗരന് സംരക്ഷണം നൽകുക എന്നതാണ്. അങ്ങനെ നോക്കിയാൽ ഇന്ത്യ ഇന്നും സ്വതന്ത്രമായിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

അന്തേവാസികളെ സന്ദർശിച്ചശേഷം ഗാന്ധിഭവൻ സ്നേഹമന്ദിർ ഓഡിറ്റോറിയത്തിലെത്തിയ കാരൂർ സോമനെ നടൻ ടി.പി.മാധവൻ പൊന്നാടയണിയിച്ച് സ്വീകരിച്ചു. ഗാന്ധിഭവൻ സെക്രട്ടറി പുനലൂർ സോമരാജൻ ഗുരുവന്ദനസന്ദേശം നൽകി.

ടി.പി.മാധവൻ, ഐ.എസ്.ആർ.ഒ. റിട്ട. എൻജിനിയർ വർഗീസ് മാത്യു, കെ.എസ്.ഇ.ബി. റിട്ട. എൻജിനീയർ കെ.തങ്കപ്പൻ പിള്ള, ഡോ. നാരായണൻ നായർ, എസ്.കെ.വിജയലക്ഷ്മി, എൻ.രാജഗോപാൽ ആചാരി എന്നിവർ സംസാരിച്ചു.

MALAYALA MANORAMA WEEKLY ON 10-10-2020

എഴുത്തുൽസവം | കഥ



# അമ്മ ഉറക്കലഹരിയിൽ

കാരൂർ സോമൻ

ആദിവാസി ഊരു മുഴുവൻ ഉറക്കലഹരിയിലാണ്. ശങ്കുണ്ണി കുളിർ കാറ്റിലൂടെ നടന്നു. മറ്റുള്ളവരുടെ കണ്ണിൽപ്പെടാതിരിക്കാനാണ് രാത്രിയിലെത്തിയത്. പന്ത്രണ്ടു വയസ്സുള്ളപ്പോഴാണ് ശങ്കുണ്ണി അച്ഛനൊപ്പം വനത്തിൽ തേനെടുക്കാൻ പോയത്. അച്ഛനെ കടുവ വലിച്ചിഴച്ചു് കൊന്നുതിന്നുന്നത് കണ്ടു ഭയന്ന് അലറിവിളിച്ച് പ്രാണനുമായി ഓടിയോടിയെത്തിയത് റെയിൽവേ സ്റ്റേഷനിലാണ്. ആദ്യം കണ്ട ട്രെയിനിൽ ചാടിക്കയറി. അതെത്തിയത് തമിഴ്നാട്ടിലാണ്. എട്ടു വർഷങ്ങൾ പിന്നിട്ടപ്പോൾ പെറ്റമ്മയെ, മൂത്ത സഹോദരിയെ കാണാനൊരു മോഹം. ട്രെയിനിൽ യാത്ര ചെയ്ത് ഊരിലെത്തി. ആദിവാസിയൂരിൽ വ്യത്യസ്തമായൊരു കാഴ്ച കണ്ടു. പുതുമഴയിൽ വിടർന്ന പൂക്കളെപ്പോലെ ഒന്നിലധികം ചെറിയ കോൺക്രീറ്റ് കെട്ടിടങ്ങൾ. മണിമന്ദിരങ്ങളിൽ സുഖമായുറങ്ങുന്ന ഭരണാധിപന്മാർ മനുഷ്യരെ തിരിച്ചറിഞ്ഞിരിക്കുന്നു. അവന്റെ വീട്ടിലെത്തി സന്തോഷത്തോടെ അമ്മയെ, സഹോദരിയെ ജനാലയിലൂടെ നോക്കി. പുതുപൂക്കളുടെ സുഗന്ധം ദുർഗന്ധമായി മാറി. രണ്ടു മുറികളിൽ കണ്ടത് ആടുമാടുകളാണ്. ഇമവെട്ടാതെ അതിനോട് ചേർന്നുള്ള ചെറ്റക്കുടിലിലേക്ക് നടന്നു. അമ്മയുടെ കൂർക്കം വലിച്ചുള്ള ഉറക്കം കാതുകളിലെത്തി. ശങ്കുണ്ണി മഞ്ഞിന്റെ കുളിർമയിൽ ഏകനായിരുന്നുറങ്ങി.

